**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** **18-09-2025 - ൽ മറുപടിയ്ക്ക്**

**വനം കയ്യേറ്റം തടയാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. ലിന്റോ ജോസഫ്</td><td colspan="2">ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് വനം കയ്യേറ്റം തടയുന്നതിനായി ജണ്ട കെട്ടി അതിരുകൾ വേർതിരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്ത് വനം കയ്യേറ്റം പൂർണ്ണമായും തടയുന്നതിനും സ്വകാര്യ ഭൂമികൾക്ക് എൻ.ഒ.സി നൽകുന്നതിനുമുള്ള ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുന്നതിനായി വനാതിർത്തി സ്ഥിരം ജണ്ട കെട്ടി വേർതിരിക്കുന്ന പദ്ധതി വനംവകുപ്പ് സർക്കാരിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ജണ്ടകൾ നിർമ്മിക്കേണ്ട വനാതിർത്തിയുടെ ആകെ ദൂരം 11554.74 കി.മീ. ആണ്. ടി പ്രവൃത്തി കഴിഞ്ഞ വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് അതിരുകൾ വേർതിരിക്കുന്ന പ്രവൃത്തി നടപ്പാക്കി വരുന്നവയാണ്. ഇതുവരെ 10714.0975 കി.മീ ദൂരം വനാതിർത്തി നിർണ്ണയിച്ച് ജണ്ട കെട്ടി വേർതിരിച്ചിട്ടുണ്ട്. ഇനി 840.6425 കി.മീ. ദൂരത്തിൽ ജണ്ടകൾ നിർമ്മിക്കാൻ ബാക്കിയുണ്ട്.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ജണ്ടകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ;</td><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയായ ജണ്ടകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>നിർമ്മിച്ച ജണ്ടകളുടെ എണ്ണം</th></tr>
<tr><td>2021-22</td><td>5934</td></tr>
<tr><td>2022-23</td><td>1516</td></tr>
<tr><td>2023-24</td><td>1528</td></tr>
<tr><td>2024-25</td><td>463</td></tr>
<tr><td>ആകെ</td><td>9441</td></tr>
</table></td></tr>
<tr><td>(സി)</td><td>വനാതിർത്തി ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?</td><td>(സി)</td><td>പൂർത്തിയാക്കിയിട്ടില്ല. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് നിലവിലുള്ള കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിച്ച് ഡിജിറ്റലൈസ് ചെയ്യുന്ന പ്രവൃത്തി, ജിയോ ഫെൻസിംഗ് എന്നിവ</td></tr>
</table>

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വനാതിർത്തി ഡിജിറ്റൽ സർവ്വേ ചെയ്യുന്നതിനായി സർക്കാരിന്റെ "എന്റെ ഭൂമി" പദ്ധതിയുടെ ഭാഗമായി സർവ്വേ ആന്റെ ലാൻഡ് റെക്കോർഡ്സ് വകുപ്പ് ആദ്യ രണ്ട് ഘട്ടങ്ങളിൽ റവന്യൂ-വനം വകുപ്പുകളുമായി അതിർത്തി പങ്കിടുന്ന മേഖലകളിൽ സംയുക്തമായി ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ ഭൂമി മുഴുവൻ ഡിജിറ്റൈസ് ചെയ്യുന്ന സർക്കാർ പദ്ധതിയായ "എന്റെ ഭൂമി' പദ്ധതിയുടെ ഭാഗമായാണ് വനാതിർത്തിയും, വനഭൂമിയും ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നത്. 'എന്റെ ഭൂമി' പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വനഭൂമിയുടെ അതിർത്തികൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കി.മീറ്ററാണ്. ഇതിൽ അടയാളം രേഖപ്പെടുത്തുവാനുള്ള അതിർത്തിയുടെ ദൂരം 11,554.74 കി.മീറ്ററാണ്. 2024-25 വരെ 10714.0975 കി.മീ ദൂരം വനാതിർത്തി നിർണ്ണയിച്ച് ജണ്ട കെട്ടി വേർതിരിച്ചിട്ടുണ്ട്. 2021-22 മുതൽ 2024-25 വരെ നിർമ്മിച്ച ജണ്ടകളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | നിർമ്മിച്ച ജണ്ടകളുടെ എണ്ണം |
|---|---|
| 2021-22 | 5934 |
| 2022-23 | 1516 |
| 2023-24 | 1528 |
| 2024-25 | 463 |
| **ആകെ** | **9441** |

ഇനി നിർമ്മിക്കുവാൻ ബാക്കിയുള്ള ജണ്ടകൾ എത്രയും വേഗം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ചില നിക്ഷിപ്ത വനങ്ങളിലും ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ട്രിബ്യൂണലുകളിലും, ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും കേസുകൾ നടന്നു വരുന്നുണ്ട്. പല കേസുകളിലും തൽസ്ഥിതി തുടരണമെന്നുള്ള കോടതികളുടെ നിർദ്ദേശം നിലവിലുള്ളതിനാൽ ഇത്തരം സ്ഥലങ്ങളിൽ സർവ്വേയും, അതിർത്തി പുനർനിർണ്ണയവും ജണ്ടകളുടെ നിർമ്മാണവും കേസുകളുടെ അന്തിമ വിധിക്കനുസരിച്ച് മാത്രമേ സാധിക്കുകയുള്ളൂ.

സർക്കാരിന്റെ “എന്റെ ഭൂമി" പദ്ധതിയുടെ ഭാഗമായി 'സർവ്വേ & ലാന്റ് റെക്കോർഡ്സ്' വകുപ്പ് ആദ്യ രണ്ട് ഘട്ടങ്ങളിലായി ഡിജിറ്റൽ സർവ്വേക്കായി പരിഗണിച്ചിട്ടുള്ള 439 വില്ലേജുകളിൽ വനഭൂമി ഉൾപ്പെട്ടു വരുന്ന 93 വില്ലേജുകളാണ് ഉള്ളത്. വനഭൂമി ഉൾപ്പെട്ടു വരുന്ന തെരഞ്ഞെടുത്ത 93 വില്ലേജുകളിൽ സർവ്വേ പൂർത്തിയായിട്ടുള്ളതാണ്. ടി വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ സംബന്ധിച്ച പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | വില്ലേജുകളുടെ എണ്ണം | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം |
|---|---|---|---|
| | ഡിജിറ്റൽ സർവ്വേക്കായി പരിഗണിച്ചിട്ടുള്ള | | |

| | | | |
|---|---|---|---|
| 1 | വില്ലേജുകളുടെ എണ്ണം | 200 | 239 |
| 2 | ഡിജിറ്റൽ സർവ്വേക്കായി പരിഗണിച്ചിട്ടുള്ള വില്ലേജുകളിൽ വനഭൂമി ഉൾപ്പെട്ട വില്ലേജുകളുടെ എണ്ണം | 38 | 55 |
| 3 | ഡിജിറ്റൽ സർവ്വേക്കായി പരിഗണിച്ചിട്ടുള്ള വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയായ തായി സർവ്വേ ആന്റ് ഭൂരേഖ വകുപ്പ് അറിയിച്ചിട്ടുള്ള വില്ലേജു കളുടെ എണ്ണം | 200 | 225 |
| 4 | ഡിജിറ്റൽ സർവ്വേ പൂർത്തീകരി ച്ചിട്ടുള്ള വില്ലേജുകളിൽ വനഭൂമി ഉൾപ്പെടുന്ന വില്ലേജുകളുടെ എണ്ണം | 38 | 55 |

സംസ്ഥാനത്തെ ഭൂമി മുഴുവൻ ഡിജിറ്റൈസ് ചെയ്യുന്ന സർക്കാർ പദ്ധതിയായ 'എന്റെ ഭൂമി' പദ്ധതിയുടെ ഭാഗമായാണ് വനാതിർത്തിയും, വനഭൂമിയും ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നത്. "എന്റെ ഭൂമി" പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വനഭൂമിയുടെ അതിർത്തികൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.